# പതിമൂന്നാം കേരള നിയമസഭ
## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 496 — 09.02.2016-ൽ മറുപടിയ്ക്ക്

## മുതലമട കള്ളയിമ്പാറയിലെ മാലിന്യപ്രശ്നം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നെൻമാറ നിയോജക മണ്ഡലത്തിലെ മുതലമട കള്ളയിമ്പാറയിലെ രൂക്ഷമായ മാലിന്യപ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ആശുപത്രി മാലിന്യവും ഫാക്ടറി മാലിന്യവും വൻതോതിൽ സ്വകാര്യവ്യക്തിയുടെ തോട്ടത്തിൽ തള്ളുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; | (ബി) | ഇല്ല |
| (സി) ഇത്തരത്തിൽ മാലിന്യം തള്ളിയതുമായി ബന്ധപ്പെട്ട് ആ പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാരകരോഗങ്ങൾ പിടിപെടുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ടി വിഷയം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സമീപ പ്രദേശത്തുള്ള ആദിവാസികൾക്കായി 22.01.2016-ന് ആരോഗ്യ വകുപ്പ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും, ക്യാമ്പിൽ പങ്കെടുത്ത 103 പേർക്കിടയിൽ 17 പേർക്ക് ശ്വാസകോശ സംബന്ധമായ അസുഖങ്ങളും, ചിലർക്ക് ത്വക്ക് രോഗങ്ങളും കണ്ടെത്താൻ കഴിഞ്ഞതായും, പ്രസ്തുത അസുഖങ്ങൾക്ക് കാരണം ഈ മാലിന്യ നിക്ഷേപമാണോ എന്ന് സ്ഥിരീകരിക്കുന്നതിന് 06.02.2016-ന് ടി സ്ഥലത്ത് ഒരു സ്പെഷലിസ്റ്റ് ക്യാമ്പ് നടത്തുവാൻ ആരോഗ്യ വകുപ്പ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ആദിവാസി വിഭാഗക്കാരുടെ ഇടയിൽ പടരുന്ന മാരക രോഗങ്ങളും അവരുടെ കുടിവെള്ളം മലിനമാക്കുകയും ചെയ്യുന്ന ഈ ഫാക്ടറി മാലിന്യങ്ങൾ ഏത് കേന്ദ്രത്തിൽ നിന്നുമാണ് കൊണ്ടു വരുന്നത് എന്ന് വിശദമാക്കുമോ; ഇത് തടയുന്നതിന് നടത്തിയിട്ടുള്ള നടപടി കൾ വിശദമാക്കുമോ? | (ഡി) | മുതലമട കള്ളയിമ്പാറ എന്ന സ്ഥലത്ത് ശ്രീ.വിനോദിന്റെ തോട്ടത്തിൽ ഹോട്ടൽ മാലിന്യങ്ങളും കോഴി മാലിന്യങ്ങളും രാസ മാലിന്യങ്ങളും നിക്ഷേപിക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം 16/01/2016-ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുണ്ടായി. ചാലക്കുടിയിലെ 'നിറ്റാ ജലാറ്റിൻ' എന്ന കമ്പനിയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിലെ ഖരമാലിന്യം വളമാക്കി മാറ്റിയ 'ന്യൂട്രിസോയിൽ ' (Nutrisoil) ആണ് ശ്രീ. വിനോദിന്റെ തോട്ടത്തിൽ തെങ്ങ്, കവുങ്ങ്, ജാതിക്ക മുതലായവയ്ക്ക് വളമായി ഉപയോഗി ക്കുന്നത്. പ്രസ്തുത തോട്ടത്തിൽ മാലിന്യങ്ങൾ |

നിക്ഷേപിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് നിർത്തി വെയ്ക്കുവാൻ സ്ഥലമുടമയ്ക്ക് 19.01.2016-ന് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 'ന്യൂട്രിസോയിൽ' ഹസാർഡസ് മാലിന്യമാണോ എന്നും സമീപത്തെ പട്ടികവർഗ കോളനിയിലെ കുടിവെള്ളത്തിൽ ഘന ലോഹങ്ങളുടെ സാന്നിദ്ധ്യം ഉണ്ടോ എന്നു പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്.

കൂടാതെ 16.01.2016-നും 21.01.2016-നും പട്ടികവർഗ്ഗ കോളനിയിലെ പൊതു കിണറിൽ നിന്നും ജലത്തിന്റെ സാമ്പിൾ പരിശോധന യ്ക്കെടുത്തിരുന്നു. തോട്ടത്തിലെ മാലിന്യ നിക്ഷേപം മൂലം ഉണ്ടാകാനിടയുള്ള രാസ, ജൈവ മലിനീകരണം സംഭവിച്ചതായി ഇതുവരെ ലഭ്യമായ പരിശോധനാ ഫലങ്ങൾ സൂചിപ്പിക്കുന്നില്ല. ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്, ടോട്ടൽ കോളിഫോം എന്നിവ മാത്രം കുടിവെള്ളത്തിൽ അനുവദനീയമായ പരിധികൾ ലംഘിക്കുന്നതായി കാണുന്നു. പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 21.01.2016, 27.01.2016 എന്നീ തീയതികളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത്, പോലീസ്, ആരോഗ്യം, റവന്യൂ എന്നീ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചു കൂട്ടുകയും. വലിയ അളവിൽ സൂക്ഷിച്ചിട്ടുള്ള മാലിന്യങ്ങൾ പ്രസ്തുത സ്ഥലത്തു നിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനും, തുടർന്നും മാലിന്യം കൊണ്ടു വരുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന്, സമീപ പ്രദേശത്തെ ആദിവാസികൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും, അവർക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഓരോ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ